ആനുകൂല്യം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. (28-5-2010 വരെ ലഭിച്ചവ)

തിരുവനന്തപുരം	1,90,61,873
കൊല്ലം	54,50,152
ആലപ്പുഴ	16,72,452
പത്തനംതിട്ട	39,20,044
കോട്ടയം	46,94,602
ഇടുക്കി	8,35,72,068
എറണാകുളം	5,56,741
തൃശ്ശൂർ	0
പാലക്കാട്	45,24,380
മലപ്പുറം	75,78,544
കാസർഗോഡ്	1,67,28,401
വയനാട്	9,53,51,555
കണ്ണൂർ	75,74,074
കാസർഗോഡ്	45,44,266

കർഷക കടാശ്വാസ കമ്മീഷൻ

204 (4267) ശ്രീ. തോമസ് പാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പു സാമ്പത്തിക വർഷം കർഷക കടാശ്വാസ കമ്മീഷന് നീക്കിവച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നടപ്പു സാമ്പത്തികവർഷം പ്ലാൻ ശീർഷകത്തിൽ 10 കോടി രൂപയും പദ്ധതിയിതര ഇനത്തിൽ 69.57 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ വയനാട് ജില്ലയിൽ പരിഗണിച്ച അപേക്ഷകൾ

205 (4269) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം നാളിതുവരെ വയനാട് ജില്ലയിൽ എത്ര പേർക്ക് കടാശ്വാസം അനുവദിച്ചുവെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യക്തിഗത അപേക്ഷകൾ പരിഗണിച്ച് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം വയനാട് ജില്ലയിൽ ഇതുവരെ എത്ര പേർക്ക് കടാശ്വാസം അനുവദിച്ചുവെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിൽ കമ്മീഷന്റെ പരിഗണനയിലേക്കായി അവശേഷിക്കുന്ന വ്യക്തിഗത അപേക്ഷകളുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷന്റെ ശുപാർശ പ്രകാരം വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ 30-6-2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിരുന്ന 25,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതു വഴി 32472 വായ്പകളിന്മേൽ കടാശ്വാസം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

താലൂക്ക്	വായ്പകളുടെ എണ്ണം
വൈത്തിരി	8646
മാനന്തവാടി	16328
സുൽത്താൻബത്തേരി	7498
ആകെ	32472

(ബി) വ്യക്തിഗത അപേക്ഷകൾ പരിഗണിച്ച് കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ 28-5-2010 വരെ 5965 അന്തിമ ഉത്തരവുകളിന്മേൽ കടാശ്വാസം അനുവദിക്കുകയും, ഇവയിൽ 4546 ഉത്തരവുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ കടാശ്വാസം വിതരണം ചെയ്യുകയും ചെയ്തു. ഇതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

താലൂക്ക്	വായ്പകളുടെ എണ്ണം
വൈത്തിരി	1324
മാനന്തവാടി	2144
സുൽത്താൻബത്തേരി	1078
ആകെ	4546

(സി) 31-3-2010 -ലെ കണക്ക് പ്രകാരം 65,576 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ സമർപ്പിച്ച പ്രോജക്ട്

206 (4272) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ നിന്നും എത്ര പ്രോജക്ടുകൾ സമർപ്പിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) അത് പ്രകാരം എത്ര രൂപ അനുവദിച്ചെന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബ്ലോക്കിൽ നിന്നും പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. കരനെൽകൃഷി
2. തരിശുനില നെൽകൃഷി
3. ജൈവ വാഴകൃഷി
4. പച്ചക്കറി കൃഷി
5. തഴുത്തല ഏലയിൽ അടിസ്ഥാന സൗകര്യ വികസനം.

(ബി) ഈ വർഷത്തെ ആർ.കെ.വി.വൈ. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി ജൂൺ മാസത്തിൽ കൂടി കൊല്ലം ജില്ലയ്ക്ക് കരനെൽകൃഷി, തരിശുനില നെൽകൃഷി, പച്ചക്കറി കൃഷി എന്നീ പദ്ധതികൾക്കായി 101.50 ലക്ഷം രൂപ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്കുള്ള തുക അനുവദിക്കുന്നതാണ്.

(സി) പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടില്ല.

പ്രത്യേക ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി

207 (4275) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നെല്ലുൽപ്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;